ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 04.04.2024** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. **ലോക്സഭാ തിരഞ്ഞെടുപ്പിന്റെ പ്രചാരണം ഊർജിതം. പ്രമുഖ രാഷ്ട്രീയ പാർട്ടികളുടെ ഉന്നത നേതാക്കൾ പ്രചരണ രംഗത്ത് സജീവം.**

   Campaigning for the Lok Sabha elections is in full swing. Top leaders of major political parties are active in campaigning.

2. **രാജ്യത്ത് രണ്ടാം ഘട്ട തിരഞ്ഞെടുപ്പിനുള്ള നാമനിർദ്ദേശ പത്രികാ സമർപ്പണം ഇന്ന് അവസാനിക്കും.**

   Filing of nomination papers for the second phase of Loksabha elections will end today.

3. **തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് രാജ്യത്തെ ക്രമസമാധാന നില വിലയിരുത്താൻ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ സംസ്ഥാനങ്ങളുമായും കേന്ദ്ര ഭരണ പ്രദേശങ്ങളുമായും യോഗം ചേർന്നു.**

   The Central Election Commission held a meeting with the States and Union Territories to assess the law and order situation in the country in connection with the elections.

4. **രാഷ്ട്രീയ പ്രത്യയശാസ്ത്ര ബന്ധങ്ങൾ അടിസ്ഥാനമാക്കിയാണ് പുതിയ സൈനിക സ്കൂളുകൾ അനുവദിച്ചതെന്ന മാധ്യമറിപ്പോർട്ടുകൾ രാജ്യരക്ഷാ മന്ത്രാലയം നിഷേധിച്ചു.**

   The Ministry of Defence has rejected media reports that new sainik schools are being allocated to institutions based on their political or ideological affiliations.

5. **രാജ്യത്തെ ചൂട് ക്രമാതീതമായി വർദ്ധിക്കുന്ന സാഹചര്യത്തിൽ രോഗങ്ങൾ തടയുന്നതിന് കേന്ദ്ര ആരോഗ്യമന്ത്രാലയത്തിന്റെ മാർഗ്ഗനിർദ്ദേശം. കേരളത്തിൽ 11 ജില്ലകളിൽ മഞ്ഞ ജാഗ്രത.**

   Union Ministry of Health convened a meeting to review the preparedness for the management of heat related illness in view of increasing heat waves.

6. **ഐ പി എല്ലിൽ ഇന്നലെ കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് ഡൽഹി ക്യാപിറ്റൽസിനെ 106 റൺസിന് പരാജയപ്പെടുത്തി.**

**Kolkata Knight Riders defeated Delhi Capitals by 106 runs in IPL cricket yesterday.**

*******************************************

# HEADLINE-1

## LS

ലോക്സഭാ തെരഞ്ഞെടുപ്പിന്റെ പ്രചാരണം ഊർജിതം. പ്രമുഖ രാഷ്ട്രീയ പാർട്ടികളുടെ ഉന്നത നേതാക്കൾ രാജ്യത്തുടനീളം പൊതുയോഗങ്ങളും റോഡ് ഷോകളും നടത്തി. പ്രധാനമന്ത്രിയും മുതിർന്ന ബിജെപി നേതാവുമായ നരേന്ദ്ര മോദി ഉത്തർപ്രദേശ് ബിജെപി പ്രവർത്തകരുടെ ഡിജിറ്റൽ റാലിയെ നമോ ആപ്പിലൂടെ അഭിസംബോധന ചെയ്യു. എല്ലാ ബൂത്തുകളിലും വിജയം ഉറപ്പാക്കാൻ സംസ്ഥാനത്തെ ബിജെപി പ്രവർത്തകർ കഠിനമായി പരിശ്രമിക്കുന്നുണ്ടെന്ന പ്രതീക്ഷ അദ്ദേഹം പ്രകടിപ്പിച്ചു. ആഭ്യന്തര മന്ത്രി അമിത് ഷാ ഉത്തർപ്രദേശിലെ മുസാഫർനഗറിൽ പൊതുയോഗത്തെ അഭിസംബോധന ചെയ്യു. ദരിദ്രരുടെയും കർഷകരുടെയും ഉന്നമനത്തിനായി പ്രധാനമന്ത്രി നരേന്ദ്ര മോദി നിരവധി പദ്ധതികൾ നടപ്പാക്കിയതായി ശ്രീ ഷാ പറഞ്ഞു.

കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ വടക്കുകിഴക്കൻ ഡൽഹി പാർലമെൻ്റ് മണ്ഡലത്തിൽ നിന്ന്

ഘർ ഘർ ഗ്യാരണ്ടി അഭിയാൻ ഉദ്ഘാടനം ചെയ്യു. കോൺഗ്രസ് അധികാരത്തിലെത്തിയാൽ സർക്കാർ ജോലിയിലെ ഒഴിവുകൾ ഉടൻ നികത്തുമെന്ന് ശ്രീ ഖാർഗെ പറഞ്ഞു. അതിനിടെ, ബോക്സിങ് താരം വിജേന്ദർ സിംഗ് കോൺഗ്രസ് വിട്ട് ബിജെപിയിൽ ചേർന്നു. മഹാരാഷ്ട്രയിലെ ജൽഗാവിൽ നിന്നുള്ള ബിജെപി എംപി ഉൻമേഷ് പാട്ടീൽ ശിവസേന ഉദ്ധവ് വിഭാഗത്തോടൊപ്പം ചേർന്നു.

*******************************************

## PM TODAY

പ്രധാനമന്ത്രി ഇന്ന് ബിഹാറിലെ എൻ.ഡി.എ യുടെ തിരഞ്ഞെടുപ്പ് പ്രചാരണത്തിന് ജാമുയിൽ തുടക്കം കുറിക്കും. ജാമുയി ജില്ലയിലെ ബാലോപൂരിൽ ഒരു പൊതുപരിപാടിയെ അദ്ദേഹം അഭിസംബോധന ചെയ്യും. മുഖ്യമന്ത്രി നിതീഷ് കുമാർ, പാർട്ടിയിലെ പ്രമുഖ നേതാക്കൾ, എൻ.ഡി.എ യുടെ സ്ഥാനാർത്ഥികൾ, എന്നിവരും പരിപാടിയിൽ പങ്കെടുക്കും.

*********************************************

## HEADLINE-2

## LS ELECTION – (INTRO)

ലോക്സഭാ തെരഞ്ഞെടുപ്പിന്റെ രണ്ടാം ഘട്ടത്തിനുള്ള നാമനിർദേശ പത്രിക സമർപ്പണം ഇന്ന് അവസാനിക്കും. കേരളമുൾപ്പെടെ 12 സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും 88 ലോക്സഭാ മണ്ഡലങ്ങളിലും ഔട്ടർ മണിപ്പൂർ ലോക്സഭാ മണ്ഡലത്തിന്റെ ബാക്കി ഭാഗങ്ങളിലേക്കും ഈ ഘട്ടത്തിൽ വോട്ടെടുപ്പ് നടക്കും. ഏപ്രിൽ 26-നാണ് വോട്ടെടുപ്പ്.

**വിശദാംശങ്ങളിലേക്ക്.........**

**– (VOICE......)**

ബിജെപി നേതാക്കളായ ഓം ബിർള, മഹേഷ് ശർമ, കോൺഗ്രസ് നേതാക്കളായ രാഹുൽ ഗാന്ധി, ശശി തരൂർ എന്നിവരുൾപ്പെടെ ഒട്ടേറെ പ്രമുഖരാണ് ഇന്നലെ നാമനിർദേശ പത്രിക സമർപ്പിച്ചത്. ഓം ബിർള രാജസ്ഥാനിലെ കോട്ടയിൽ നാമനിർദേശ പത്രിക സമർപ്പിച്ചു. കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധിയും സി പി ഐ നേതാവ് ആനി രാജയും വയനാട് പാർലമെന്റ് മണ്ഡലത്തിൽ പത്രിക സമർപ്പിച്ചു.

വയനാട്ടിൽ നിന്ന് തുടർച്ചയായി രണ്ടാം തവണയും ജനവിധി തേടുന്ന രാഹുൽ ഗാന്ധിയെ കാണാൻ കൽപ്പറ്റ നഗരത്തിൽ യുഡിഎഫ് അനുഭാവികൾ അണിനിരന്നു. എൻഡിഎ സ്ഥാനാർത്ഥി കെ.സുരേന്ദ്രൻ ഇന്ന് നാമനിർദ്ദേശ പത്രിക സമർപ്പിക്കും. കേന്ദ്രമന്ത്രിയും അമേഠി എംപിയുമായ സ്മൃതി ഇറാനിയോടൊപ്പം രാവിലെ 9 മണിക്ക് കൽപ്പറ്റയിൽ റോഡ്ഷോ നടത്തിയാകും. ശ്രീ സുരേന്ദ്രൻ പത്രിക സമർപ്പിക്കുക. പത്രിക നൽകിയതിന് ശേഷം മന്ത്രി കളക്ട്രേറ്റിൽ മാദ്ധ്യമപ്രവർത്തകരോട് സംസാരിക്കും. ലോക്സഭാ മണ്ഡലത്തിൽ നാമനിർദേശ പത്രിക സമർപ്പിച്ചു.

ജമ്മു കാശ്മീർ ഒഴികെയുള്ള എല്ലാ സംസ്ഥാനങ്ങളിലും കേന്ദ്ര ഭരണ പ്രദേശങ്ങളിലും നാളെ നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മപരിശോധന നടക്കും. ജമ്മു കശ്മീരിൽ ശനിയാഴ്ചയാണ് സൂക്ഷ്മപരിശോധന. ഈ മാസം എട്ട് വരെ സ്ഥാനാർത്ഥിത്വം പിൻവലിക്കാവുന്നതാണ്.

ന്യൂസ് ഡെസ്ക്,ആകാശവാണി...

**********************************************

## HEADLINE-3

## ELECTION COMMISSION GUIDELINE- (INTRO)

ലോക്സഭാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് രാജ്യത്തെ ക്രമസമാധാന നില വിലയിരുത്താൻ തിരഞ്ഞെടുപ്പ് കമ്മീഷൻ സംസ്ഥാനങ്ങളുമായും കേന്ദ്ര ഭരണ പ്രദേശങ്ങളുമായും ന്യൂഡൽഹിയിൽ യോഗം ചേർന്നു. മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ രാജീവ് കുമാർ, തിരഞ്ഞെടുപ്പ് കമ്മീഷണർമാരായ ഗ്യാനേഷ് കുമാർ, സുഖ്ബീർ സിംഗ് സന്ധു എന്നിവരുടെ നേതൃത്വത്തിലായിരുന്നു യോഗം.

## - (VOICE..)

അതിർത്തികൾ കാക്കുന്ന കേന്ദ്ര ഏജൻസികളിലെ ഉദ്യോഗസ്ഥർ തമ്മിലുള്ള തടസ്സമില്ലാത്ത ഏകോപനത്തിനും സഹകരണത്തിനുമായി ബന്ധപ്പെട്ട എല്ലാവരെയും സഹകരിപ്പിക്കുക എന്നതാണ് സംയുക്ത അവലോകന യോഗത്തിന്റെ  ഉദ്ദേശ്യമെന്ന് കമ്മീഷൻ പ്രസ്താവനയിൽ പറഞ്ഞു. അനധികൃത മദ്യം, പണം, മയക്കുമരുന്ന്, ആയുധങ്ങൾ, സൗജന്യങ്ങൾ എന്നിവയുടെ വരവ് തടയാൻ അന്തർസംസ്ഥാന-അന്തർദേശീയ അതിർത്തികളിൽ കർശനമായ ജാഗ്രത പാലിക്കാൻ സംസ്ഥാനങ്ങളിലെയും കേന്ദ്ര ഭരണ പ്രദേശങ്ങളിലെയും ചീഫ് സെക്രട്ടറിമാർക്കും പോലീസ് ഡയറക്ടർ ജനറലിനും തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശം നൽകി. സ്വതന്ത്രവും നീതിയുക്തവും സമാധാനപരവുമായ പൊതുതിരഞ്ഞെടുപ്പ് ഉറപ്പാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കാനും കമ്മീഷൻ നിർദേശം നൽകി. സംസ്ഥാന - അന്താരാഷ്ട്ര അതിർത്തികളിൽ സ്വീകരിച്ച നിരീക്ഷണ നടപടികൾ എന്നിവ യോഗം വിലയിരുത്തി.  സ്ഥിതിഗതികൾ വിലയിരുത്താൻ ആറ് സംസ്ഥാനങ്ങളിൽ തെരഞ്ഞെടുപ്പ് കമ്മീഷൻ ഇന്നലെ പ്രത്യേക നിരീക്ഷകരെ നിയമിച്ചിരുന്നു. ആന്ധ്രാ, കർണാടക, തമിഴ്നാട്, ഉത്തർപ്രദേശ്, ഒഡീഷ എന്നീ സംസ്ഥാനങ്ങളിൽ തെരഞ്ഞെടുപ്പ് ചെലവ് നിരീക്ഷിക്കുന്നതിനായും പ്രത്യേക നിരീക്ഷകരെ കമ്മീഷൻ വിന്യസിച്ചിട്ടുണ്ട്.
ന്യൂസ് ഡെസ്ക്, ആകാശവാണി....

*******************************************

## HEADLINE-4

## SAINIK SCHOOLS

രാഷ്ട്രീയ പ്രത്യയശാസ്ത്ര ബന്ധങ്ങൾ അടിസ്ഥാനമാക്കിയാണ് പുതിയ സൈനിക സ്കൂളുകൾ അനുവദിച്ചതെന്ന മാധ്യമറിപ്പോർട്ടുകൾ രാജ്യരക്ഷാ മന്ത്രാലയം നിഷേധിച്ചു. ഇത്തരം പ്രചാരണങ്ങൾ അടിസ്ഥാന രഹിതമാണെന്നും മന്ത്രാലയം വ്യക്തമാക്കി. സൈനിക് സ്കൂൾ സൊസൈറ്റിയുടെ നേതൃത്വത്തിൽ 1960-കളിലാണ് രാജ്യത്ത് സൈനിക് സ്കൂളുകൾ പ്രവർത്തനം ആരംഭിച്ചത്. രാജ്യത്തുടനീളമുള്ള 33 സൈനിക സ്കൂളുകളുടെ പ്രവർത്തനമികവും വിജയകരമായ നടത്തിപ്പും കണക്കിലെടുത്ത് കൂടുതൽ സൈനിക സ്കൂളുകൾ അനുവദിക്കണമെന്നുള്ള പൊതുജനങ്ങളിൽ നിന്നുള്ള തുടർച്ചയായ ആവശ്യം പരിഗണിച്ചാണ് മന്ത്രാലയം സ്കൂളുകൾ അനുവദിച്ചത്. അർഹതപ്പെട്ട കുട്ടികൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനും രാജ്യത്തുടനീളമുള്ള യുവജനങ്ങൾക്ക് സൈനിക സ്കൂളുകൾ നൽകുന്ന വിദ്യാഭ്യാസ രീതി ലഭ്യമാക്കാനും എല്ലാ മാനദണ്ഡങ്ങളും പാലിച്ചുകൊണ്ടാണ് സർക്കാർ 100 സ്കൂളുകൾ രാജ്യത്തുടനീളം സ്ഥാപിക്കാൻ തീരുമാനിച്ചത്.

******************************************

## CHATTISGARH

ഛത്തീസ്ഗഡിലെ ബിജാപുർ ജില്ലയിൽ സുരക്ഷാസേന യുമായുണ്ടായ ഏറ്റുമുട്ടലിൽ കൊല്ലപ്പെട്ട മൂന്ന് മാവോവാദികളുടെ മൃതദേഹങ്ങൾ കൂടി കണ്ടെത്തി. ഇതോടെ ചൊവ്വാഴ്ച നടന്ന ഏറ്റുമുട്ടലിൽ കൊല്ലപ്പെട്ട മാവോവാദികളുടെ എണ്ണം 13 ആയി. ലോക് സഭാ തിരഞ്ഞെടുപ്പിന് മുന്നോടിയായി നടത്തിയ

പരിശോധനയിലാണ് ഏറ്റുമുട്ടലുണ്ടായത്. കൊല്ലപ്പെട്ടവരിൽ ഒരു സ്ത്രീയും ഉൾപ്പെടുന്നു.
*********************************************

## RBI MPC COMMITTEE

റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ 2024-25 സാമ്പത്തിക വർഷത്തിലെ ആദ്യ ദ്വൈമാസ ധനനയ സമിതി യോഗത്തിന് മുംബൈയിൽ തുടക്കമായി. വെള്ളിയാഴ്ച ആർബിഐ ഗവർണർ ശക്തികാന്ത ദാസ് ധനനയ പ്രസ്താവന നടത്തും. പലിശ നിരക്ക് സംബന്ധിച്ച തീരുമാനവും അന്നുണ്ടായേക്കും. നിലവിൽ പോളിസി റിപ്പോ നിരക്ക് 6.5 ശതമാനമാണ്. ഫെബ്രുവരിയിൽ ചേർന്ന യോഗത്തിൽ തുടർച്ചയായ ആറാം തവണയും റിപ്പോ നിരക്ക് മാറ്റമില്ലാതെ നിലനിർത്തുകയായിരുന്നു.
*********************************************

## HUMAN RIGHTS COMMISSION

സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അധ്യക്ഷനായി ജസ്റ്റിസ് എസ് മണികുമാറിനെ നിയമിച്ചു. സംസ്ഥാന സർക്കാരിന്റെ ശുപാർശയ്ക്ക് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ അംഗീകാരം നൽകി. തിരഞ്ഞെടുപ്പ് കമ്മീഷന്റെ അംഗീകാരത്തോടെ സർക്കാർ നിയമന ഉത്തരവ് പുറത്തിറക്കും. കേരള ഹൈക്കോടതി മുൻ ചീഫ് ജസ്റ്റിസായിരുന്നു എസ്. മണികുമാർ.
*********************************************

## HEADLINE-5 (a)

## HEAT WAVE – (INTRO)

രാജ്യത്ത് ചൂട് ക്രമാതീതമായി വർദ്ധിക്കുന്ന സാഹചര്യത്തിൽ ഉഷ്ണ തരംഗവുമായി ബന്ധപ്പെട്ട അസുഖങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള

തയ്യാറെടുപ്പുകൾ കേന്ദ്ര ആരോഗ്യമന്ത്രി ഡോ. മൻസുഖ് മാണ്ഡവ്യയുടെ നേതൃത്വത്തിൽ അവലോകനം ചെയ്തു. രോഗങ്ങൾ തടയുന്നതിനുള്ള മുൻകരുതൽ നടപടികളുടെ ആവശ്യകത യോഗത്തിൽ മന്ത്രി വിശദീകരിച്ചു.

**ഒരു റിപ്പോർട്ട്....**

**– (VOICE.....)**

മരണങ്ങളുൾപ്പെടെയുള്ള ഉഷ്ണ തരംഗത്തിന്റെ പ്രത്യാഘാതങ്ങൾ സംബന്ധിച്ച് സംസ്ഥാനങ്ങളിൽ നിന്നുള്ള വിവരങ്ങൾ ഉൾപ്പെടുത്തി കേന്ദ്ര ഡാറ്റാബേസ് സൃഷ്ടിക്കേണ്ടതിന്റെ പ്രാധാന്യം ശ്രീ മാണ്ഡവ്യ എടുത്തുപറഞ്ഞു. കർഷകർ, നിർമാണത്തൊഴിലാളികൾ, തിരഞ്ഞെടുപ്പ് ജോലികളിൽ ഏർപ്പെട്ടിരിക്കുന്നവർ തിരഞ്ഞെടുപ്പ് പ്രചാരണത്തിൽ ഏർപ്പെട്ടിരിക്കുന്നവർ ഉൾപ്പെടെ ഉഷ്ണതരംഗത്തിന്റെയും ആഘാതം മറികടക്കാൻ ആവശ്യമായ അളവിൽ വെള്ളം കുടിക്കണം. ജലാംശം നിലനിർത്താൻ പഴച്ചാറുകൾ, നാരങ്ങാനീര്, പഴങ്ങൾ എന്നിവയും കഴിക്കാവുന്നതാണ്. ഉഷ്ണതരംഗം ഏൽക്കുന്നവർ അടുത്തുള്ള ആശുപത്രികളെ ആശ്രയിക്കണമെന്നുംകേന്ദ്ര ആരോഗ്യമന്ത്രി പറഞ്ഞു. പ്രതിരോധ നടപടികളെക്കുറിച്ച് ജനങ്ങൾക്കിടയിൽ സമയോചിതവും വിപുലമായതും വ്യാപകവുമായ അവബോധം ഉഷ്ണതരംഗങ്ങളുടെ ആഘാതം കുറയ്ക്കാൻ സഹായിക്കുമെന്ന് മന്ത്രി വ്യക്തമാക്കി. ബോധവൽക്കരണ പരിപാടികൾക്കായി സംസ്ഥാന, ജില്ലാതല കമ്മിറ്റികൾ രൂപീകരിക്കണമെന്ന് ആരോഗ്യ സഹമന്ത്രി ഡോ. ഭാരതി പ്രവീൺ പവാർ നിർദ്ദേശിച്ചു. ആയുഷ്മാൻ ആരോഗ്യ

കേന്ദ്രങ്ങളിൽ വാട്ടർ കൂളറുകളും ഐസ് പായ്ക്കുകളും മറ്റ് അവശ്യസാധനങ്ങളും സജ്ജീകരിക്കുമെന്നും മന്ത്രി പറഞ്ഞു.

**ന്യൂസ് ഡെസ്ക്, ആകാശവാണി....**

**********************************************

## HEADLINE-5 (b)

## HEAT KERALA

കേരളത്തിൽ പതിനൊന്ന് ജില്ലകളിൽ ഏഴ് വരെ കനത്ത ചൂട് തുടരുമെന്ന് കാലാവസ്ഥാ വകുപ്പ്. ശരാശരിയിൽ നിന്ന് രണ്ട് മുതൽ നാല് ഡിഗ്രി വരെ കൂടുതലായിരിക്കും അനുഭവപ്പെടുക. കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർകോട് എന്നീ ജില്ലകളിലാണ് മഞ്ഞ ജാഗ്രത.

**********************************************

## IMD-INCOIS-KSDMA-KSEOC

കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി കേരള തീരത്ത് ഇന്ന് രാത്രി 1.2 മീറ്റർ വരെ ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു. മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിയ്ക്കണം. അപകട മേഖലകളിൽ നിന്ന് അധികൃതരുടെ നിർദേശാനുസരണം മാറി താമസിക്കേണ്ടതാണ്.

മൽസ്യബന്ധന യാനങ്ങൾ ഹാർബറിൽ സുരക്ഷിതമായി കെട്ടിയിട്ട് മൽസ്യബന്ധന ഉപകരണങ്ങളുടെ സുരക്ഷ ഉറപ്പാക്കണം. ബീച്ചിലേക്കുള്ള യാത്രകളും കടലിൽ ഇറങ്ങിയുള്ള വിനോദങ്ങളും പൂർണമായും ഒഴിവാക്കാനും നിർദ്ദേശിച്ചിട്ടുണ്ട്.

**********************************************

## HEADLINE-6

## IPL

ഐ പി എല്ലിൽ ഇന്നലെ കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് ഡൽഹി ക്യാപിറ്റൽസിനെ 106 റൺസിന് പരാജയപ്പെടുത്തി. വിശാഖപട്ടണത്തെ വൈ എസ് രാജശേഖര റെഡ്ഡി ക്രിക്കറ്റ് സ്റ്റേഡിയത്തിൽ നടന്ന കളിയിൽ 273 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ഡൽഹി ക്യാപിറ്റൽസ് 17.2 ഓവറിൽ 166 റൺസിന് എല്ലാവരും പുറത്താവുകയായിരുന്നു.

ഇന്ന് രാത്രി 7.30-ന് അഹമ്മദാബാദിലെ നരേന്ദ്ര മോദി സ്റ്റേഡിയത്തിൽ ഗുജറാത്ത് ടൈറ്റൻസ് പഞ്ചാബ് കിങ്സിനെ നേരിടും.

*********************************************

## TTE DEATH

തൃശ്ശൂർ മുളങ്കുന്നത്തുകാവ് വെളപ്പായയിൽ ടി.ടി.ഇ.യെ ട്രെയിനിൽ നിന്ന് തള്ളിയിട്ടു കൊലപ്പെടുത്തിയ സംഭവത്തിൽ പ്രതി രജനികാന്തയെ സംഭവസ്ഥലത്തെത്തിച്ച് തെളിവെടുപ്പ് നടത്തി. ഇന്നലെ വൈകുന്നേരത്തോടെയാണ് റെയിൽവേ പോലീസ് സംഘം പ്രതിയെ തെളിവെടുപ്പിനെത്തിച്ചത്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു. റെയിൽവേ ടിടിഇ വി വിനോദിന്റെ സംസ്കാരം ഇന്നലെ വൈകിട്ട് ഏലൂർ ശ്മശാനത്തിൽ നടന്നു. തൃശൂർ മെഡിക്കൽ കോളേജിൽ നടന്ന പോസ്റ്റ്മോർട്ടത്തിനു ശേഷം സ്വവസതിയിൽ എത്തിച്ച മൃതദേഹത്തിൽ, സമൂഹത്തിലെ നാനാതുറകളിൽ പെട്ടവർ അദ്ദേഹത്തിന് അന്തിമോപചാരം അർപ്പിച്ചു.

*********************************************

## EARTHQUAKE

തയ് വാനിൽ ബുധനാഴ്ചയുണ്ടായ ശക്തമായ ഭൂകമ്പത്തിൽ ഒൻപത് പേർ മരിച്ചു. 946 പേർക്ക് പരിക്കേറ്റു. ഭൂകമ്പത്തിൽ തകർന്ന കെട്ടിടങ്ങളുടെ അവശിഷ്ടങ്ങൾക്ക് അടിയിൽപ്പെട്ട 50-ഓളം പേരെ രക്ഷിക്കാനുള്ള ശ്രമം നടക്കുന്നു. തയ് വാന്റെ വടക്കും തെക്കും ഭാഗങ്ങളെ ബന്ധിപ്പിച്ച് മലനിരകളിലൂടെപ്പോകുന്ന തുരങ്കങ്ങൾക്കുള്ളിലും ഒട്ടേറെപ്പേർ കുടുങ്ങിക്കിടപ്പുണ്ട്. ഇന്ത്യൻ സമയം വെളിപ്പിന് 5.30-നാണ് ഭൂകമ്പമാപിനിയിൽ 7.4 തീവ്രത രേഖപ്പെടുത്തിയ ഭൂചലനമുണ്ടായത്. തായ്‌വാനിൽ ഉണ്ടായ ദുരന്തത്തിൽ പിന്തുണ നൽകിയ ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് തായ്‌വാൻ പ്രസിഡന്റ് സായ് ഇംഗ്-വെൻ നന്ദി അറിയിച്ചു. പ്രധാനമന്ത്രി മോദിയുടെ ഐക്യദാർഢ്യം തായ്‌വാനിലെ ജനങ്ങൾക്ക് ഒരു വലിയ ആശ്വാസമായെന്നും അദ്ദേഹം ഒരു സോഷ്യൽ മീഡിയ പോസ്റ്റിൽ പറഞ്ഞു.

******************************************

******************************

**************